**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **24-06-2024 - ൽ മറുപടിയ്ക്ക്**

**മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംഘടിപ്പിച്ചിരുന്നോ; ജില്ലാടിസ്ഥാനത്തിലാണോ പ്രസ്തുത പരിപാടി സംഘടിപ്പിച്ചിരുന്നത് എന്നറിയിക്കാമോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ പരിപാടി സംഘടിപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | 100 കോടി രൂപക്ക് മുകളിൽ നിക്ഷേപമുള്ള പദ്ധതികൾ സംബന്ധിച്ച് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി നേരിട്ട് നടത്തുന്ന പരിപാടിയാണ് 'മീറ്റ് ദി ഇൻവെസ്റ്റർ'.<br><br>വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി നടത്തിവരുന്ന മീറ്റ് ദി ഇൻവെസ്റ്റർ എന്ന പരിപാടി സംസ്ഥാനതലത്തിലാണ് സംഘടിപ്പിക്കാറുള്ളത്. |
| (ബി) | മീറ്റ് ദ ഇൻവെസ്റ്റേഴ്സ് പരിപാടി മുഖേന എത്ര തുകയുടെ നിക്ഷേപ വാഗ്ദാനമാണ് ലഭിച്ചത്; നിക്ഷേപ വാഗ്ദാനത്തിന്റെ തുടർ നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; വാഗ്ദാനം ചെയ്തതിൽ എത്ര തുക ഏതെല്ലാം മേഖലകളിൽ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 40-ൽ അധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ വിവിധ സംരംഭങ്ങൾ (12 പദ്ധതികളിലായി ഏകദേശം 2600കോടി രൂപയുടെ പദ്ധതികൾ) പല ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങളിലോ പദ്ധതിയുടെ പ്രാരംഭ നടപടികളുമായോ മുന്നോട്ട് പോയികൊണ്ടിരിക്കുകയാണ്. പ്രസ്തുത മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയിലൂടെ നിരവധി നിക്ഷേപങ്ങൾ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഭാഗമായി നാളിതുവരെ 11,000 കോടിയിൽ പരം വ്യവസായ നിക്ഷേപ താല്പര്യം ലഭിച്ചിട്ടുണ്ട്.<br><br>മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി മുഖേന കിൻഫ്രയിൽ അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, നീറ്റാ ജെലാറ്റിൻ എന്നീ രണ്ട് സംരംഭകർക്കാണ് അലോട്ട്മെന്റ് നൽകിയിരിക്കുന്നത്. ഇതിൽ അഗാപ്പെ ഡയഗ്നോസ്റ്റിക്സ് 930 ലക്ഷം രൂപയുടെ നിക്ഷേപവും 200 ഓളം തൊഴിലവസരങ്ങളും ആരോഗ്യ മേഖലയിലും നീറ്റാ ജെലാറ്റിൻ 7570.81 ലക്ഷം രൂപയുടെ നിക്ഷേപവും 150 ഓളം തൊഴിലവസരങ്ങളും ഭക്ഷ്യസംസ്കരണ മേഖലയിലും സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇരുവരും മേൽ പരാമർശിച്ച പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലാണ്. |
| (സി) | വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പദ്ധതികൾ | (സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നൽകി വരുന്ന എല്ലാ പദ്ധതികൾക്കും, സേവനങ്ങൾക്കും ഓൺലൈൻ പോർട്ടലുകൾ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ 'ഇ-ഓഫീസ്' ഫയൽ സംവിധാനവും വകുപ്പിന്റെ എല്ലാ ഓഫീസുകളിലും |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതിയുടെ പുരോഗതി നിരീക്ഷിച്ചുകൊണ്ട് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | | നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ വിവിധ പദ്ധതികളുടെ അപേക്ഷകൾ കുറഞ്ഞ സമയത്തിനുള്ളിൽ പ്രോസസ്സ് ചെയ്യാനും, ഉണഭോക്താക്കൾക്ക് സേവനം ഉറപ്പാക്കാനും കഴിയും. പ്രസ്തുത ഓൺലൈൻ പോർട്ടലുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ നിർവ്വഹണ പുരോഗതി വകുപ്പ് ഉദ്യോഗസ്ഥർക്കും, അപേക്ഷകർക്കും നിരീക്ഷിക്കുന്നതിനായുള്ള ഒരു ഓൺലൈൻ ഡാഷ്ബോർഡ് (https://schemes.industry.kerala.gov.in/public/index.php/public_dashboard) സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ഡാഷ്ബോർഡ് മുഖേന അപേക്ഷകളുടെ നിജസ്ഥിതി നിരീക്ഷിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഡാഷ്ബോർഡ് (https://dashboard.kerala.gov.in) മുഖേനയും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നിർവ്വഹണ പുരോഗതി അറിയുവാൻ സാധിക്കുന്നതാണ്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ലൈസൻസും അനുബന്ധ അനുമതിയും ലഭിക്കുന്ന വിഷയത്തിൽ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രിയുടെയും, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടറുടെയും നേതൃത്വത്തിൽ സമയാസമയങ്ങളിൽ നടന്നുവരുന്നുണ്ട്. കൂടാതെ ജനറൽ മാനേജറുടെ നേതൃത്വത്തിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ടീമും സംസ്ഥാനതലത്തിലും നാഷണൽ തലത്തിലും വ്യവസായികളെയും നിക്ഷേപകരെയും നേരിൽ കണ്ട് സംസ്ഥാനത്തേക്ക് വ്യവസായം/നിക്ഷേപം കൊണ്ടുവരാനുള്ള പരിശ്രമങ്ങൾ നടത്തി വരുന്നു. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി പ്രധാന പങ്ക് വഹിക്കുന്നു.<br><br>വ്യവസായ വകുപ്പിന് കീഴിലുള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും കിൻഫ്രയിൽ പ്രൊജക്ട് മോണിറ്ററിംഗ് സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ കിൻഫ്രയിൽ ആഴ്ചതോറും മാസംതോറും റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ഏതെങ്കിലും തരത്തിൽ കുറവുകളോ കാലതാമസങ്ങളോ ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് അവ പരിഹരിച്ച് മുന്നോട്ട് പോവുകയുമാണ് ചെയ്യുന്നത്. ഇതുകൂടാതെ PMS പോർട്ടൽ (പ്രൊജക്ട് മാനേജ്മെന്റ് ആന്റ് ആക്ടിവിറ്റി മോണിറ്ററിംഗ് സിസ്റ്റം) മുഖേന മന്ത്രിതലത്തിൽ |

| |
|---|
| അവലോകനങ്ങൾ നടത്തുകയും അവ പരിഹരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ